**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2862** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയിൽ അംഗപരിമിതരുടെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ അംഗപരിമിതരുടെ സംവരണത്തിന് ഹോറിസോണ്ടൽ സംവരണ രീതിയാണോ വെർട്ടിക്കൽ സംവരണ രീതിയാണോ അവലംബിച്ചതെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ അദ്ധ്യാപക നിമനത്തിൽ The Right of Persons with Disabilities Act – 2016 ൽ പരാമർശിക്കുന്ന അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായുള്ള 31.10.2019 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 12/2019/ സാ.നീ.വ – ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. അനദ്ധ്യാപക നിയമനത്തിൽ അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായി പി.എസ്.സി നിഷ്കർഷിക്കുന്ന സംവരണ ക്രമത്തിൽ നിയമനം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത രീതി അവലംബിക്കുവാൻ സർവ്വകലാശാല അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് ഏതാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ 31.10.2019 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 12/2019/സാ.നീ.വ – ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരവും അനദ്ധ്യാപക നിയമനത്തിൽ കെ.എസ് & എസ്.എസ്.ആർ. ഭാഗം - II ചട്ടം നം. 14 പ്രകാരവും നിയമനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ